KOLLAMCITY POLICE
https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice
Dated : 24/02/2020

# നിരവധി മോഷണ പിടിച്ചുപറി കേസുകളിലെ പ്രതികൾ പോലീസ് പിടിയിൽ

കൊല്ലം : കൊല്ലം ഈസ്റ്റ് പോലീസ് സ്റ്റേഷൻ പരിധിയിൽ മുണ്ടക്കൽ വില്ലേജ് ഓഫീസിന് സമീപം മോഷണശ്രമത്തിനിടയിൽ മൂന്നംഗസംഘം പോലീസിന്റെ പിടിയിലായി .പുനുക്കന്നൂർ ആലുമ്മൂട് നെടുംകുറ്റിവിള വീട്ടിൽ സജീവ് (39) തമിഴ നാട് പുളിയറ ഭഗവതിപുരം കാമരാജ് നഗറിൽ അയ്യാദുരൈ (38), കന്യാകുമാരി കൊട്ടാരത്തിൽ ജീവ (36) എന്നിവരെയാണ് ഈസ്റ്റ് പോലീസ് അറസ്റ്റ് ചെയ്തത്.



നിരവധി മോഷണ പിടിച്ചുപറി കേസുക ളിൽ പ്രതികളാണ് ഇവർ. ജീവയും ദുരൈയും നിരവധി മോഷണകേസുകളിൽ ജയിൽ വാസം അനുഭവിച്ചിട്ടുള്ളവരാണ്. പ്രതികളുടെ കൈവശം നിന്നും ഇരുമ്പ്ക മ്പി, ആക്സാ ബ്ലൈഡ്, സ്ക്രൂഡ്രൈവർ തുടങ്ങി ഭവനഭേദനത്തിനുള്ള ആയുധങ്ങൾ പിടിച്ചെടുത്തു. കൊല്ലം ഈസ്റ്റ് പോലീസ് ഇൻസ്പെക്ടർ ശ്രീ രാജേഷ്, എസ്.ഐമാരായ മനോജ്, പ്രകാ ശൻപിള്ള സിപിഒ മാരായ രഞ്ജിത്ത്, അഭിലാഷ് എന്നിവരടങ്ങിയ സംഘമാണ് പ്രതികളെ അറസ്റ്റ് ചെയ്തത്. കോടതിയിൽ ഹാജരാക്കിയ പ്രതികളെ റിമാന്റ് ചെയ്തു.